REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 05-02-2026 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- രാഷ്ട്രപതിയുടെ അഭിസംബോധനയിൽ നന്ദിപ്രമേയ ചർച്ചകൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാജ്യസഭയിൽ മറുപടി നൽകും.
- റിസർവ് ബാങ്കിന്റെ മൂന്ന് ദിവസത്തെ പണനയ അവലോകനയോഗം മുംബൈയിൽ ആരംഭിച്ചു.
- അങ്കമാലി-എരുമേലി ശബരി റെയിൽ പദ്ധതിയുടെ 50 ശതമാനം ചിലവ് വഹിക്കാൻ സംസ്ഥാന മന്ത്രി സഭായോഗ തീരുമാനം.
- SIR ന്റെ ഭാഗമായി സംസ്ഥാനത്ത് 19,021 പേർ വോട്ടർപ്പട്ടികയിൽ നിന്ന് പുറത്തായതായി മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ.
- ICC അണ്ടർ 19 ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഫൈനലിൽ.

## വാർത്തകൾ വിശദമായി

രാഷ്ട്രപതിയുടെ അഭിസംബോധനയിൽ നന്ദിപ്രമേയ ചർച്ചകൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാജ്യസഭയിൽ മറുപടി നൽകും. പാർലമെന്റിൽ വിവിധ വിഷയങ്ങൾ ഉന്നയിച്ച് ഇന്നലെയും പ്രതിപക്ഷം പ്രതിഷേധിച്ചു. ഇതേ തുടർന്ന് ഇരുസഭകളും ഇന്നലെ പിരിഞ്ഞു.

മൂന്ന് തവണ നിർത്തിവച്ച ലോക്സഭാനടപടികൾ വൈകിട്ട് അഞ്ച് മണിയോടെ പുനരാരംഭിച്ചെങ്കിലും, പ്രതിപക്ഷ പ്രതിഷേധം തുടർന്ന സാഹചര്യത്തിൽ പിരിയുകയായിരുന്നു.

✪✪✪

നിർണായക ധാതുക്കളുടെ വിതരണ ശൃംഖല അന്താരാഷ്ട്ര തലത്തിൽ ലളിതവത്കരിക്കുന്നതിന് ഇന്ത്യയുടെ പൂർണ പിന്തുണ ഉണ്ടാകുമെന്ന് വിദേശകാര്യമന്ത്രി ഡോ. S ജയശങ്കർ പറഞ്ഞു. ഇന്നലെ വാഷിംഗ്ടൺ DC യിൽ US സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ വിളിച്ചുചേർത്ത ക്രിട്ടിക്കൽ മിനറൽസ് മന്ത്രിതല ഉദ്ഘാടന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. നിർണായക ധാതുക്കളെക്കുറിച്ചുള്ള ഫോർജ് സംരംഭത്തിന് ഇന്ത്യയുടെ പിന്തുണയും ഡോ. ജയശങ്കർ സമ്മേളനത്തിൽ അറിയിച്ചു.

✪✪✪

സൂക്ഷ്മ -ചെറുകിട -ഇടത്തരം മേഖലയെ ശക്തിപ്പെടുത്തുന്നതിൽ, ദേശീയ ചെറുകിട വ്യവസായ കോർപറേഷൻ വഹിക്കുന്ന പങ്കിനെ കേന്ദ്രമന്ത്രി ജിതൻ റാം മാഞ്ചി പ്രശംസിച്ചു. ന്യൂഡൽഹിയിൽ NSIC യുടെ 71-ാമത് സ്ഥാപക ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. MSME കൾക്ക്, ശേഷി വർദ്ധിപ്പിക്കൽ, നവീകരണം തുടങ്ങിയ മേഖലകളിൽ സമഗ്രമായ പിന്തുണ നൽകേണ്ടതിന്റെ ആവശ്യകത മന്ത്രി ചടങ്ങിൽ എടുത്തുപറഞ്ഞു.

✪✪✪

റിസർവ് ബാങ്കിന്റെ മൂന്ന് ദിവസത്തെ പണനയ അവലോകനയോഗം മുംബൈയിൽ ആരംഭിച്ചു. RBI ഗവർണർ സഞ്ജയ് മൽഹോത്രയുടെ അധ്യക്ഷതയിൽ ചേരുന്ന ആറംഗ സമിതിയുടെ തീരുമാനം നാളെ പ്രഖ്യാപിക്കും.

റിപ്പോ നിരക്ക് കഴിഞ്ഞ ഫെബ്രുവരി മുതൽ കുറച്ചതിനാൽ ഈ മാസം വീണ്ടും കുറക്കാൻ സാധ്യതയില്ലെന്നാണ് സാമ്പത്തിക വിദഗ്ധരുടെ വിലയിരുത്തൽ.

✪✪✪

അങ്കമാലി-എരുമേലി ശബരി റെയിൽവേ പദ്ധതിയുടെ 50 ശതമാനം ചിലവ് വഹിക്കാനും ഇതിന് 1,900 കോടി രൂപ കിഫ്ബി വഴി നൽകാനും സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്.

....(വോയ്സ്)...

ശബരി റെയിൽവെ പദ്ധതിക്കായി 303.58 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടി വരും. എറണാകുളം, ഇടുക്കി, കോട്ടയം ജില്ലകളിലാണ് പദ്ധതിക്കാവശ്യമായ

ഭൂമി ഏറ്റെടുക്കേണ്ടത്. ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ റവന്യു അധികാരികൾക്ക് നിർദ്ദേശം നൽകി. ഇക്കാര്യം കേന്ദ്ര റെയിൽവേ മന്ത്രാലയത്തെ അറിയിക്കാനും മന്ത്രിസഭ തീരുമാനിച്ചു.

തിരുവനന്തപുരത്ത് അയ്യാ വൈകുണ്ഠ സ്വാമി മെമ്മോറിയൽ ലൈബ്രറി ആൻഡ് കൾച്ചറൽ സെന്റർ നിർമ്മിക്കുന്നതിന് വഞ്ചിയൂർ വില്ലേജിലെ 8 സെന്റ് ഭൂമി സാംസ്കാരിക വകുപ്പിന് കൈമാറാനും മന്ത്രിസഭായോഗം തീരുമാനിച്ചു.

K-സ്പെയ്സിന്റെ നിർദ്ദിഷ്ട സംരംഭമായ എയ്റോസ്പെയിസ് കൺട്രോൾ സിസ്റ്റം സെന്റർ സ്ഥാപിക്കുന്നതിനായി തുമ്പയിൽ VSAC ക്യാമ്പസിനോട് ചേർന്ന 60 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് മന്ത്രിസഭ അനുമതി നൽകി.

ഇടുക്കി ഉടുമ്പൻചോല ഗവൺമെന്റ് ആയുർവേദ കോളേജിന്റെ ആദ്യഘട്ട പ്രവർത്തനം ആരംഭിക്കുന്നതിന് 21 റെഗുലർ തസ്തികകളും 4 കോൺട്രാക്ട് തസ്തികകളും അനുവദിക്കാനും ,കേരള സംസ്ഥാന I.T മിഷനിലെ 12 കരാർ തസ്തികകളുടെ ശമ്പള പരിഷ്കരണവും ഒരു തസ്തികയുടെ പുനർനാമകരണവും നടപ്പാക്കാനും വാസ്തുവിദ്യാ ഗുരുകുലത്തിലെ സ്ഥിരം ജീവനക്കാർക്ക് പതിനൊന്നാം ശമ്പളപരിഷ്കരണം നടപ്പിലാക്കാനും മന്ത്രിസഭായോഗം തിരുമാനിച്ചു.

✪✪✪

കേരള അന്തർദേശീയ ഫോക്‌ലോർ ഫെസ്റ്റിവലിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. തൈക്കാട് പൊലീസ് പരേഡ് മൈതാനത്തു നടത്തുന്ന ഫെസ്റ്റ് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. P.K കാളൻ പുരസ്കാര സമർപ്പണവും ഉദ്ഘാടന ചടങ്ങിന്റെ ഭാഗമായി നടത്തും. ഈ മാസം 9 വരെയാണ് ഫെസ്റ്റ്.

കരകൗശല ഉത്പ്പന്നങ്ങളുടെ പ്രദർശനവും കലാ പരിപാടികളും, ഭക്ഷണ മേളയും ഫെസ്റ്റിന്റെ ഭാഗമായി നടത്തും. പത്തോളം വിദേശ രാജ്യങ്ങളിൽ നിന്നും ഫോക് കലാകാരൻമാർ ഫെസ്റ്റിൽ പങ്കെടുക്കും.

✪✪✪

ആധുനിക കേരളത്തിന്റെ ചരിത്രത്തിന് നേരെ പിടിച്ച കണ്ണാടിയാണ് EMS സ്മൃതിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. EMS സ്മൃതി മ്യൂസിയം നിയമസഭാ മ്യൂസിയം അങ്കണത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. വ്യാജ ചരിത്രങ്ങൾ പ്രചരിപ്പിക്കപ്പെടുന്ന ഇക്കാലത്ത് യഥാർത്ഥ ചരിത്രത്തെ വസ്തുനിഷ്ഠമായി പഠിക്കാൻ ഇത്തരം സംരംഭങ്ങൾ സഹായിക്കുമെന്നും പിണറായി വിജയൻ പറഞ്ഞു.

✪✪✪

ഈ മാസം 15 മുതൽ 17 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന 'വിഷൻ 2031' അന്താരാഷ്ട്ര സമ്മേളനത്തിന്റെ ലോഗോ മന്ത്രി KN ബാലഗോപാൽ നിയമസഭാ മന്ദിരത്തിൽ നടത്തിയ ചടങ്ങിൽ പ്രകാശനം ചെയ്തു.

15-ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ ശങ്കരനാരായൺ തമ്പി ഹാളിൽ സമ്മേളനം ഉദ്ഘാടനം ചെയ്യും.

✪✪✪

മണിപ്പൂരിൽ BJP നേതാവ് നാംഖേം ചന്ദ് സിംഗ് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. രാഷ്ട്രപതി ഭരണം പിൻവലിച്ചതിന് പിന്നാലെയാണ് സത്യപ്രതിജ്ഞ.

✪✪✪

വോട്ടർപ്പട്ടികയുടെ തീവ്രപരിഷ്കരണ പ്രക്രിയയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ നടക്കുന്ന ഹിയറിംഗിലൂടെ 19,021 പേർ ഇന്നലെ വരെ വോട്ടർപ്പട്ടികയിൽ നിന്ന് പുറത്തായതായി മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ ഡോ.രത്തൻ യു കേൽക്കർ അറിയിച്ചു. ഇതിൽ 2,510 പേർ എന്യൂമറേഷൻ കാലഘട്ടത്തിൽ മരണപ്പെട്ടവരും, 989 പേർ വിദേശ പൗരത്വം സ്വീകരിച്ചവരും, 15,522 പേർ താമസം മാറിയവരുമാണെന്ന് അദ്ദേഹം അറിയിച്ചു. മതിയായ കാരണങ്ങളാൽ കൃത്യമായ പരിശോധനയിലൂടെ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടവരുടെ കണക്കാണിതെന്നും, ഹിയറിംഗ് തുടരുന്നതിനാൽ ഈ കണക്കിൽ വ്യത്യാസം വരുമെന്നും, ഹിയറിംഗ് വേളയിൽ അനർഹരായി കണ്ടെത്തുന്നവർ ഇനിയും ലിസ്റ്റിൽ നിന്ന് പുറത്താവുമെന്നും മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ വ്യക്തമാക്കി.

✪✪✪

ICC അണ്ടർ 19 ഏകദിന ലോകകപ്പ് ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ നാളെ ഇംഗ്ലണ്ടിനെ നേരിടും.

ഇന്നലെ ഹരാരെയിൽ രണ്ടാം സെമിയിൽ അഫ്ഗാനിസ്ഥാനെ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ ഫൈനലിൽ പ്രവേശിച്ചത്. മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 41.1 ഓവറിൽ ഇന്ത്യ 311 റൺസ് വിജയലക്ഷ്യം മറികടന്നു. ആദ്യം ബാറ്റ് ചെയ്ത അഫ്ഗാനിസ്ഥാൻ, നിശ്ചിത 50 ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ 310 റൺസ് നേടി. ആരോൺ ജോർജ് ആണ് പ്ലയർ ഓഫ് ദ മാച്ച്.

ആദ്യസെമിയിൽ നിലവിലെ ചാമ്പ്യൻമാരായ ഓസ്ട്രേലിയയെ 27 റൺസിന് തോൽപ്പിച്ചാണ് ഇംഗ്ലണ്ട് ഫൈനലിലെത്തിയത്.

✪✪✪

സന്തോഷ് ട്രോഫി ഫുട്ബോൾ സെമിഫൈനലിൽ കേരളം ഇന്ന് പഞ്ചാബിനെ നേരിടും. ഉച്ചയ്ക്ക് ഒന്നരയ്ക്ക് അസമിലാണ് മത്സരം. ക്വാർട്ടർ ഫൈനലിൽ അസമിനെ മൂന്നു ഗോളിന് തകർത്താണ് കേരളം സെമിയിൽ പ്രവേശിച്ചത്.

മറ്റൊരു സെമിയിൽ സർവ്വീസസ്, റെയിൽവെയ്സിനെ നേരിടും.

✪✪✪

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് റോയൽ ചലഞ്ചേഴ്സ് ബെംഗലൂരുവിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് വഡോദരയിലാണ് മത്സരം.

✪✪✪

ചൈനയിൽ ഏഷ്യൻ ടീം ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ഗ്രൂപ്പ് Y യിൽ  ഇന്ത്യൻ വനിതാ ടീം,  മ്യാൻമറിനെയും ഗ്രൂപ്പ് C-യിൽ പുരുഷ ടീം സിംഗപ്പൂരിനെയും തോൽപ്പിച്ചു.

വനിതാ വിഭാഗം സിംഗിൾസിൽ  തൻവി ശർമ്മ, രക്ഷിത ശ്രീ-സന്തോഷ് രാംരാജ്, മാളവിക ബൻസോദ് എന്നിവരാണ് ഇന്ത്യക്കായി വിജയം  നേടിയത്. ഡബിൾസിൽ പ്രിയ കൊൻജെങ്ബാം- ശ്രുതി മിശ്ര സഖ്യവും,  ട്രീസ ജോളി-ഗായത്രി ഗോപിചന്ദ് സഖ്യവും വിജയം  നേടി.

പുരുഷ ഡബിൾസിൽ സാത്വിക് സായ്രാജ് റാങ്കിറെഡ്ഡി- ചിരാഗ് ഷെട്ടി സഖ്യവും, സിംഗിൾസിൽ കിദംബി ശ്രീകാന്തും ജയിച്ചു.

✪✪✪

VB G- RAM G പദ്ധതിയ്ക്കെതിരെ കുപ്രചരണം നടത്തി  തകർക്കാനാണ് LDF ഉം UDF ഉം ശ്രമിക്കുന്നതെന്ന്  BJP സംസ്ഥാന ജനറൽ സെക്രട്ടറി ശോഭാ സുരേന്ദ്രൻ പറഞ്ഞു.  നരേന്ദ്രമോദി ഗവൺമെന്റ് തൊഴിലുറപ്പ് പദ്ധതി കൂടുതൽ വിപുലപ്പെടുത്തുകയാണ് ചെയ്തതെന്നും അവർ കണ്ണൂരിൽ പറഞ്ഞു. BJP മഹിളാ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു ശോഭാ സുരേന്ദ്രൻ.

✪✪✪

കണ്ണൂർ -തലശ്ശേരി റൂട്ടിലെ സ്വകാര്യ ബസുകൾ  അനിശ്ചിതകാല പണിമുടക്ക് തുടങ്ങി. നിർമ്മാണം പുരോഗമിക്കുന്ന ദേശീയപാത 66 ൽ എടക്കാട് നടാൽ ഭാഗത്ത് അടിപ്പാത വേണമെന്ന ആവശ്യത്തോട് ദേശീയപാത അതോറിറ്റി കാണിക്കുന്ന അലംഭാവത്തിൽ പ്രതിഷേധിച്ചാണ് സമരം.

✪✪✪

കോഴിക്കോട് ചെലവൂർ ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനത്തിന്റെ മൂന്നാമത് 'ഉദയം' സംരംഭ-കാർഷിക പ്രദർശന വിപണന മേള ഇന്ന്. കാർഷിക മേഖലയിലെ ചെറുകിട സംരംഭകരുടെ ഉല്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കൾക്ക് പരിചയപ്പെടുത്തുക എന്നതാണ് മേളയുടെ ലക്ഷ്യം.

രാവിലെ 10 മുതൽ വൈകിട്ട് ആറ് വരെ നടത്തുന്ന മേളയിൽ പ്രവേശനം സൗജന്യമാണ്.

✪✪✪

ബേപ്പൂർ സമഗ്ര ഉത്തരവാദിത്ത ടൂറിസം വികസന പദ്ധതിയുടെ ഭാഗമായി ഈ മാസം ഏഴ്, എട്ട് തീയതികളിൽ ബേപ്പൂരിൽ അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിക്കും. ഏഴിന് മന്ത്രി P.A മുഹമ്മദ് റിയാസ് സമ്മേളനം ഉദ്ഘാടനം ചെയ്യും. രാജ്യത്തിനകത്തും പുറത്തുനിന്നുമായി 150 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും. സുസ്ഥിര വിനോദസഞ്ചാരം, ഉത്തരവാദിത്ത ടൂറിസം സംരംഭങ്ങൾ, പൈതൃക സംരക്ഷണം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഭിന്നശേഷി സൗഹൃദ ടൂറിസം, കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട വെല്ലുവിളികൾ, മറ്റ് സമകാലിക ടൂറിസം പ്രവണതകൾ തുടങ്ങിയ വിഷയങ്ങൾ സമ്മേളനം ചർച്ച ചെയ്യും.

✪✪✪

കുഷ്ഠരോഗ നിർണയ ഭവന സന്ദർശന പരിപാടിയായ 'അശ്വമേധം 7.0' കോഴിക്കോട് ജില്ലയിൽ സമാപിച്ചു. ജില്ലയിലെ എട്ട് ലക്ഷത്തി 28,309 വീടുകൾ സന്ദർശിക്കുകയും 33 ലക്ഷത്തി 36,867 പേരെ സ്ക്രീനിങ്ങിന് വിധേയമാക്കുകയും ചെയ്തു. ഇതിൽ 3,641 പേരെ തുടർപരിശോധനയ്ക്ക് റഫർ ചെയ്തു.

ഈ വർഷം മൂന്ന് കുഷ്ഠരോഗികളെയാണ് കണ്ടെത്തിയത്. ഫെബ്രുവരി 12 വരെ ജില്ലയിൽ നടത്തുന്ന കുഷ്ഠരോഗ നിർമാർജന പക്ഷാചരണത്തിന്റെ ഭാഗമായി ബോധവത്കരണ പ്രവർത്തനങ്ങളും സ്ക്രീനിങ് പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader:നിമിഷ*
*NRTs: മണികണ്ഠൻ*
*DEO: ഷീബ*